# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ- 4903 | 21.10.2011-ൽ മറുപടിക്ക്

## കായികരംഗം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും<br>സിനിമയും വകുപ്പുമന്ത്രി) |
| (എ) അന്താരാഷ്ട്ര നിലവാരത്തിൽ കായികരംഗത്തെ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) 2016 ഒളിമ്പിക്സിൽ ഒരു സ്വർണ്ണമെങ്കിലും നേടുവാൻ കേരള അത്ലറ്റുകളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ 'ഗോ ഫോർ ഗോൾഡ്' എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. അന്താരാഷ്ട്ര നിലവാരമുള്ള കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കായിക താരങ്ങൾക്ക് വിദേശ കോച്ചുകൾ ഉൾപ്പെടെയുള്ളവരുടെ പരിശീലനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു; |
| (ബി) എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് നിലവാരമുള്ള സ്റ്റേഡിയങ്ങളും സ്പോർട്സ് ഉപകരണങ്ങളും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; | (ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുവാൻ കഴിയും; |
| (സി) സ്പോർട്സ് രംഗത്തെ അനാവശ്യ ഇടപെടലുകൾ അവസാനിപ്പിച്ച് കഴിവുള്ളവർക്ക് അവസരം നൽകുവാൻ എന്തൊക്കെ പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ? | (സി) നടപടികൾ ആലോചിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

— — —